## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 854 28/09/2011 ൽ മറുപടിയ്ക്ക്

# പട്ടികവർഗ്ഗ വികസന ഫണ്ട് ഫലപ്രദമായി വിനിയോഗിക്കുന്നതിന് നടപടി

ചോദ്യം

മറുപടി

ശ്രീ. റ്റി.യു. കുരുവിള
" മോൻസ് ജോസഫ്

കുമാരി പി.കെ. ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും
കാഴ്ച ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള വികസന ഫണ്ട് കാര്യക്ഷമമായി വിനിയോഗിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള വികസന പദ്ധതികളുടെ ഫണ്ട് ചെലവഴിക്കുന്നതിനുള്ള നടപടികൾ കാര്യക്ഷമമാക്കുന്നതിനായി ബഡ്ജറ്റ് വിഹിത പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പിന് ഓരോ വർഷവും ലഭിക്കുന്ന ഫണ്ട് പട്ടികവർഗ്ഗക്കാരുടെ ജനസംഖ്യയുടെ അടിസ്ഥാനത്തിൽ ഓരോ ജില്ലകൾക്കും വിഭജിച്ച് നൽകുന്നു. ഇപ്രകാരം ലഭിക്കുന്ന ഫണ്ടിന്റെ അടിസ്ഥാനത്തിൽ അനുയോജ്യമായ പദ്ധതികൾ തയ്യാറാക്കി ജില്ലാകളക്ടർ ചെയർമാൻ ആയിട്ടുള്ള ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തിനു വിധേയമായി നടപ്പിലാക്കുകയാണ് ചെയ്തുവരുന്നത്. Corpus Fund, Pooled Fund എന്നീ പദ്ധതികൾ പ്രകാരമുള്ള പ്രോജക്ട് പ്രൊപ്പോസലുകൾ ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരം ലഭ്യമാക്കിയ ശേഷം പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനും ആസൂത്രണ ബോർഡിലെയും, ധനകാര്യ വകുപ്പിലെയും ഉന്നത ഉദ്യോഗസ്ഥർ മെമ്പർമാരുമായ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുകയും ടി സമിതിയുടെ അംഗീകാരം ലഭിക്കുന്ന പദ്ധതികൾ അതാത് Implementing Agency വഴി നടപ്പിലാക്കുകയും ചെയ്തുവരുന്നു. ഇപ്രകാരം അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ പുരോഗതി വിലയിരുത്തുന്നതിനായി എല്ലാ ജില്ലകളിലും മാസാവസാനം (അവസാനത്തെ ശനിയാഴ്ച) ജില്ലാ വികസന സമിതി യോഗം ചേരുകയും പദ്ധതി നിർവ്വഹണം ജില്ലാതലത്തിൽ അവലോകനം |

| | | | |
|---|---|---|---|
| | | | ചെയ്യുകയും ചെയ്തുവരുന്നുണ്ട് ഇതിനു പുറമേ സംസ്ഥാനതലത്തിൽ പട്ടിക വർഗ്ഗ വികസന വകുപ്പ് ഡയറക്ടർ എല്ലാ ജില്ലാതല ഓഫീസർമാരുടെയും യോഗം periodical ആയി വിളിച്ചു ചേർത്ത് പദ്ധതി നിർവ്വഹണം സംബന്ധിച്ച് അവലോകനം നടത്താറുണ്ട്. കൂടാതെ സർക്കാർ തലത്തിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചു ചേർത്ത് പദ്ധതി നിർവ്വഹണം സംബന്ധിച്ച് അവലേകനം നടത്തി വരുന്നുണ്ട്. സംസ്ഥാനത്ത് പ്രിൻസിപ്പൽ സെക്രട്ടറി, വകുപ്പ് തലത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ, ജില്ലാതലത്തിൽ ജില്ലാകളക്ടർ എന്നിവരുടെ നേതൃത്വത്തിൽ പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ, ജനപ്രതിനിധികൾ എന്നിവർ ഉൾപ്പെടുന്ന ശക്തമായ നിരീക്ഷണ സംവിധാനം നിലവിലുണ്ട്. |
| (ബി) | പട്ടികവർഗ്ഗ വികസന ഫണ്ട് വിനിയോഗിക്കുന്നതിൽ ഉണ്ടായിട്ടുള്ള പുരോഗതിയും, ഏതെല്ലാം കാര്യങ്ങൾക്കാണ് വിനിയോഗിച്ചിരിക്കുന്നതെന്നും വിശദമാക്കാമോ; | (ബി) | പട്ടികവർഗ്ഗ വികസന ഫണ്ട് താഴെ കൊടുത്തിരിക്കുന്ന പദ്ധതികൾക്കായി വിനിയോഗിക്കുന്നു.<br>1. ഭവന നിർമ്മാണം<br>2. ഭൂരഹിത പട്ടികവർഗ്ഗക്കാരുടെ പുനരധിവാസം<br>3. കുടിവെള്ള പദ്ധതി<br>4. വിദ്യാഭ്യാസ പദ്ധതികൾ<br>5. പട്ടികവർഗ്ഗ യുവതികളുടെ വിവാഹ ധനസഹായം<br>6. വൈദ്യുതീകരണ പദ്ധതികൾ<br>7. അതിക്രമങ്ങൾ തടയൽ നിയമം നടപ്പാക്കൽ<br>8. ഫുഡ് സപ്പോർട്ട് പ്രോഗ്രാം<br>9. പ്രാക്തനഗോത്രവർഗ്ഗക്കാരുടെ അടിസ്ഥാന സൗകര്യവികസനം<br>10. വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ വികസനം<br>11. പട്ടികവർഗ്ഗ ഉപ പദ്ധതികൾക്കുള്ള പ്രത്യേക കേന്ദ്രസഹായം<br>12. അടിയ, പണിയ പാക്കേജ്<br>13. ഗ്രൂപ്പ് ഫാമുകൾക്കുള്ള സഹായം<br>14. കുടുംബശ്രീ മുഖേന സുസ്ഥിര വികസനം<br>15. അയ്യങ്കാളി ടാലന്റ് സർച്ച് സ്കീം<br>16. പട്ടികവർഗ്ഗ സൊസൈറ്റികളുടെ നവീകരണം<br>17. ഹോസ്റ്റൽ നവീകരണം |

| | | | |
|---|---|---|---|
| | | | 18. മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ<br>19. സമഗ്ര ആരോഗ്യ സംരക്ഷണ പദ്ധതി<br>20. ഊരുകൂട്ട സംഘാടനം<br>21. പട്ടികവർഗ്ഗ പ്രദേശങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം<br>22. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഗുണ നിലവാരമുള്ളവിദ്യാഭ്യാസം ഉറപ്പു വരുത്തൽ.<br>പട്ടികവർഗ്ഗ വികസന ഫണ്ട് വിനിയോഗിക്കുന്നതിൽ പദ്ധതി നിർവ്വഹണം സംബന്ധിച്ച് 31/08/11 വരെയുള്ള പുരോഗതി റിപ്പോർട്ട് അനുബന്ധമായി ചേർത്തിരിക്കുന്നു. പദ്ധതി സംബന്ധിച്ച വിവരങ്ങളും ടി പുരോഗതി റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ട്. |
| (സി) | മുൻ സർക്കാരിന്റെ കാലത്ത് വികസന ഫണ്ട് വിനിയോഗം എത്ര ശതമാനമായിരുന്നുവെന്ന് വിശദമാക്കാമോ? | (സി) | മുൻ സർക്കാരിന്റെ കാലത്ത് പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വേണ്ടിയുള്ള വികസന ഫണ്ട് വിനിയോഗം സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു. |

| വർഷം | വിനിയോഗം (%ൽ) |
|---|---|
| 2006-07 | 91.43 |
| 2007-08 | 91.42 |
| 2008-09 | 89.61 |
| 2009-10 | 92.13 |
| 2010-11 | 86.81 |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ